ഉത്തരം

(എ) & (ബി) ഈ ആശുപത്രിയിൽ ഇപ്പോൾ 8 കിടക്കകൾ മാത്രമേ നിലവിലുള്ളു. സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ആയതിൽ തീരുമാനമായതിനുശേഷം കിടത്തി ചികിത്സ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ജീവനക്കാരെ പിരിച്ചുവിട്ട നടപടി

178 (3107)പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേറ്റുവായിലെ എം.ഇ.എസ്.റ്റി.എം ആശുപത്രിയിൽ നിന്ന് 12 മുതൽ 18 വരെ വർഷങ്ങൾ സർവ്വീസുള്ളവരെ പിരിച്ചയച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) & (ബി) സ്വകാര്യ ആശുപത്രികളിലെ തൊഴിൽ പ്രശ്നങ്ങൾ ആരോഗ്യ വകുപ്പിന്റെ പരിധിയിൽപ്പെടുന്നവയല്ല. തൊഴിൽ പ്രശ്നമെന്ന നിലയിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ ഇതു സംബന്ധിച്ച പരാതി പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

നദികളുടെ മലിനീകരണം തടയാൻ നടപടി

179 (3108)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യങ്ങളും വ്യവസായ മാലിന്യങ്ങളും നദികളിലേക്ക് ഒഴുക്കിവിടുന്നത് തടയുവാനും നിരീക്ഷിക്കുവാനും നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സുശക്തവും കർശനവുമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പെരിയാർ നദിയെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ജലമലിനീകരണം തടയുന്നതിനും, നിയന്ത്രിക്കുന്നതിനും 1974-ലെ ജല മലിനീകരണ നിവാരണ നിയന്ത്രണ നിയമ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1974 മുതൽ പ്രവർത്തിച്ചു വരുന്നു. ബോർഡിൽ നിന്നും ലഭിക്കുന്ന അനുമതി പത്രത്തിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ മാലിന്യങ്ങൾ നിർഗ്ഗമിപ്പിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കാവു. പാഴ്ജലത്തിന്റെ അളവ്, ഗുണനിലവാരം, നിർഗ്ഗമന സ്ഥാനം തുടങ്ങിയ കാര്യങ്ങൾ വ്യവസ്ഥകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. മലിനീകരണ സാദ്ധ്യതയുള്ള വ്യവസായങ്ങളും, സീവേജ് സംവിധാനമുള്ള സ്ഥലങ്ങളിൽ (തിരുവനന്തപുരത്തും, കൊച്ചിയിലും) കേരള വാട്ടർ അതോറിറ്റിയ്ക്കും ഇപ്രകാരം അനുമതി പത്രങ്ങൾ വാങ്ങിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചപ്പു ചവറുകളുടെ നിർമ്മാർജന ചുമതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അതിന് മേൽ നോട്ടം വഹിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തുന്ന മുനിസിപ്പൽ പോളിറ്റ് വേസ്റ്റ് ചട്ടങ്ങളുടെ കരട് രൂപം കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

(ബി) വ്യവസായ മാലിന്യങ്ങൾ നിമിത്തം നദികൾ മലിനപ്പെടുന്നില്ലെന്നുറപ്പു വരുത്താൻ ബോർഡ് ജലനിയമപ്രകാരം നടപടികൾ എടുക്കുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിന്നുള്ള സീവേജ് സംഭരണ, സംസ്ക്കരണ നിർമ്മാർജ്ജനത്തിനുള്ള പദ്ധതി കേരള അർബൻ ഡെവലപ്പ്മെന്റ് പ്രോജക്ട് തയ്യാറാക്കി ലോകബാങ്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ധനസഹായത്തിനു ശ്രമിക്കുന്നു.

നഗങ്ങളിൽ നിന്നുള്ള ചപ്പ് ചവറുകളുടെ സംസ്ക്കരണത്തിനായി സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം പദ്ധതികൾ തയ്യാറായി വരുന്നു.

(സി) പെരിയാറിൽ ആലുവ വരെയുള്ള ഭാഗങ്ങളിൽ നദീതീരത്തുള്ള മുൻസിപ്പാലിറ്റികളിൽ നിന്നുള്ള ഓടവെള്ളവും ചപ്പ് ചവറുകളും മലിനീകരണത്തിനിടയാക്കുന്നു. സീവേജ് ഏർപ്പെടുത്തുകയോ, സാനിട്ടേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചപ്പുചവറുകളുടെ സംസ്കരണം കാര്യക്ഷമമാക്കുകയും ചെയ്യുകയാണ് ഇതിന് പരിഹാരം. ആലുവ മുതൽ താഴോട്ടുള്ള നദീഭാഗങ്ങളിൽ, ഏലൂർ, ഇടവാർ പ്രദേശങ്ങളിലെ വ്യവസായങ്ങളിൽ നിന്നുള്ള പാഴ്ജലം എത്തിച്ചേരുന്നു. ഈ പ്രദേശത്തെ എല്ലാ വൻകിട ഇടത്തരം വ്യവസായശാലകളിലും മിക്കവാറും ചെറുകിട വ്യവസായ ശാലകളിലും പാഴ്ജ്യന സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാഴ്ജലസംസ്ക്കരണത്തിനുള്ള പോരായ്മകളും, നിലവിലുള്ളവ പ്രവർത്തിപ്പിക്കുന്നതിനുള്ള അപാകതകളും മലിനീകരണത്തിനിടയാകുന്നു. 1998 ജൂലൈ മാസത്തിൽ പെരിയാറിലെ മത്സ്യനാശത്തെ തുടർന്ന് ഈ പ്രദേശത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ സൈറ്റ് ഓഫീസിന് ഏലൂരിൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ജല ഗുണനിലവാരം തുടർച്ചയായി മോണിട്ടർ ചെയ്യുന്നതിനും, വ്യതിയാനങ്ങൾ ഉണ്ടായാൽ മുന്നറിയിപ്പ് നൽകുന്നതിനും കഴിവുള്ള ആട്ടോമാറ്റിക് സംവിധാനം പെരിയാറിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം പെരിയാർ സംരക്ഷിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി ബോർഡ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

മാവൂരിലെ ഗ്വാളിയർ റയോൺസ്

180 (3109) ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിലെ ഗ്വാളിയർ റയോൺസ് സ്ഥാപനം പുറത്ത് വിടുന്ന മാലിന്യത്തെക്കുറിച്ച് സെൻ ഗുപ്ത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മിറ്റിയുടെ ശുപാർശകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) ശുപാർശകളുടെ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly